LIBRARY ARCHIVES Kerala Legislative Assembly

പരാതികളിന്മേൽ സ്വീകരിച്ച നടപടി

3 (752) ശ്രീ. എ. രാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ ബി3/276/2019/പൊ.മ.വ. ഫയലിൽ ഉദ്യോഗാർത്ഥികളിൽനിന്നും ഏതെങ്കിലും വിധത്തിലുള്ള പരാതികൾ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ പ്രസ്തുത പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

പൊതുമരാമത്ത് വകുപ്പിലെ താഴ്ന്നവിഭാഗം ജീവനക്കാർക്ക് മൂന്നാം ഗ്രേഡ് ഓവർസിയർ തസ്തികയിലേയ്ക്ക് നിയമനം ലഭ്യമാകുന്നതിനുതകുന്ന വിധത്തിൽ സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്ന വിഷയത്തിന്മേൽ ഈ തസ്തികയിലേയ്ക്ക് നേരിട്ടുള്ള നിയമനം ലഭിക്കുന്നതിനുള്ള യോഗ്യതകൾ നേടിയ ഉദ്യോഗാർത്ഥികളിൽനിന്ന് പരാതികൾ ലഭ്യമായിട്ടുണ്ട്. പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) പൊതുമരാമത്ത് വകുപ്പിലെ പി.ഡബ്ല്യു.ഡി-ബി3/50/2021-പി.ഡബ്ല്യു.ഡി. ഫയലിൽ 3-5-2021-ന് ഉദ്യോഗാർത്ഥികളുമായി നടത്തിയ ഹിയറിംഗ് യോഗത്തിന്റെ മിനിട്ട്സിന്റെ പകർപ്പ് ലഭ്യമാക്കാമോ?

മിനിട്ട്സ് അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത ഹിയറിംഗിനുശേഷം ഈ ഫയലിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നും ഉണ്ടായിട്ടുള്ള തീരുമാനങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

ഇക്കാര്യത്തിൽ മറ്റ് തീരുമാനങ്ങളൊന്നും കൈക്കൊണ്ടിട്ടില്ല.

(ഡി) ബി3/50/2021-പി.ഡബ്ല്യു.ഡി. ഫയലിന്റെ ഒരു പകർപ്പ് ലഭ്യമാക്കാമോ?

പൊ.മ.വ-ബി3/50/2021-പൊ.മ.വ. ഫയലിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു*.

ടെണ്ടറില്ലാതെ നിർമ്മാണ ചുമതല

4 (753) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സർക്കാരിന്റെ വിവിധ വകുപ്പുകളുടെ കീഴിലുള്ള നിർമ്മാണപ്രവൃത്തികളുടെ നിർമ്മാണചുമതലകൾ ടെണ്ടറില്ലാതെ നൽകിയിട്ടുള്ളത് ഏതൊക്കെ ഏജൻസികൾക്കാണെന്ന് വിശദമാക്കാമോ?

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിരത്ത് വിഭാഗത്തിനുകീഴിൽ കോഴിക്കോട് ജില്ലയിൽ വി.വി.ഐ.പി. വിസിറ്റുമായി ബന്ധപ്പെട്ട് രണ്ടു പ്രവൃത്തികളും ഒരു എൽ.എ.സി.എ.ഡി.എസ്. പ്രവൃത്തിയും ടെണ്ടറില്ലാതെ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി ലിമിറ്റഡിന് നൽകിയിട്ടുണ്ട്. മൂന്നു പ്രവൃത്തികളുടെ ആകെ തുക 1,75,70,126 രൂപയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. വി.വി.ഐ.പി. വിസിറ്റ് 2016 (24-9-2016 & 25-9-2016) വിവിധ റോഡുകളിൽ ഇരുവശവും ബാരിക്കേഡ് നിർമ്മാണം - 19,90,570 രൂപ

2. എൽ.എ.സി-എ.ഡി.എസ്- കക്കോടി പഞ്ചായത്തിലെ ഫ്ലഡ് ബാങ്ക് റോഡ് അഭിവൃദ്ധിപ്പെടുത്തൽ- 1,49,60,168 രൂപ

3. വി.ഐ.പി. വിസിറ്റ്-കുഞ്ഞിപ്പള്ളി-മുക്കാളി റോഡിൽ കി.മീ 0/000 മുതൽ 1/200 (കി.മീ 98/000 മുതൽ 99/700) റെക്ടിഫിക്കേഷൻ - 6,19,388 രൂപ കെട്ടിട വിഭാഗത്തിനുകീഴിലുള്ള നിർമ്മാണ പ്രവൃത്തികളുടെ നിർമ്മാണ ചുമതലകൾ സർക്കാർ ഉത്തരവുപ്രകാരം പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗം സാങ്കേതികാനുമതി നൽകി ഊരാളുങ്കൽ ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്കും എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡിനും ടെണ്ടറില്ലാതെ നൽകിയിട്ടുണ്ട്. ഊരാളുങ്കൽ ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് 53,59,11,513 രൂപയുടെ ജോലികൾ ഏൽപ്പിച്ചിട്ടുണ്ട്. ദേശീയപാത വിഭാഗത്തിന്റെ പരിധിയിൽ ടെണ്ടറില്ലാതെ ULCCS എന്ന ഏജൻസിക്ക് 2,75,81,716 രൂപയ്ക്ക് നിർമ്മാണ ചുമതല നൽകിയിട്ടുണ്ട്. കിഫ്ബി-റിക്ക് ലിമിറ്റഡ്-കോഴിക്കോട്-ബാലുശ്ശേരി റോഡിൽ അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നത് (Ch. 000 മുതൽ Ch. 20/320) കോൺട്രാക്ട് തുക- 12,68,461 രൂപ.

(ബി) ഊരാളുങ്കൽ ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ടെണ്ടറില്ലാതെ എത്ര തുകയുടെ ജോലികൾ ഏൽപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിരത്ത് വിഭാഗത്തിനുകീഴിൽ കോഴിക്കോട് ജില്ലയിൽ വി.വി.ഐ.പി. വിസിറ്റുമായി ബന്ധപ്പെട്ട് രണ്ട് പ്രവൃത്തികളും ഒരു എൽ.എ.സി.എ.ഡി.എസ്. പ്രവൃത്തിയും ടെണ്ടറില്ലാതെ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി ലിമിറ്റഡിന് നൽകിയിട്ടുണ്ട്. മൂന്ന് പ്രവൃത്തികളുടെ ആകെ തുക 1,75,70,126 രൂപയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. വി.വി.ഐ.പി. വിസിറ്റ് 2016 (24.09.2016 & 25.09.2016) വിവിധ റോഡുകളിൽ ഇരുവശവും ബാരിക്കേഡ് നിർമ്മാണം - 19,90,570 രൂപ

2. എൽ.എ.സി.-എ.ഡി.എസ്.- കക്കോടി പഞ്ചായത്തിലെ ഫ്ലഡ് ബാങ്ക് റോഡ് അഭിവൃദ്ധിപ്പെടുത്തൽ- 1,49,60,168 രൂപ

3. വി.ഐ.പി. വിസിറ്റ്-കുഞ്ഞിപ്പള്ളി-മുക്കാളി റോഡിൽ കി.മീ 0/000 മുതൽ 1/200 (കി.മീ 98/000 മുതൽ 99/700) റെക്ടിഫിക്കേഷൻ - 6,19,388 രൂപ കെട്ടിട വിഭാഗത്തിനുകീഴിലുള്ള നിർമ്മാണ പ്രവൃത്തികളുടെ നിർമ്മാണ ചുമതലകൾ സർക്കാർ ഉത്തരവുപ്രകാരം പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗം സാങ്കേതികാനുമതി നൽകി ഊരാളുങ്കൽ ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്കും എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡിനും ടെണ്ടറില്ലാതെ നൽകിയിട്ടുണ്ട്. ഊരാളുങ്കൽ ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് 53,59,11,513 രൂപയുടെ ജോലികൾ ഏൽപ്പിച്ചിട്ടുണ്ട്. ദേശീയപാത വിഭാഗത്തിന്റെ പരിധിയിൽ ടെണ്ടറില്ലാതെ ULCCS എന്ന ഏജൻസിക്ക് 2,75,81,716 രൂപയ്ക്ക് നിർമ്മാണ ചുമതല നൽകിയിട്ടുണ്ട്. കിഫ്ബി-റിക്ക് ലിമിറ്റഡ്-കോഴിക്കോട്-ബാലുശ്ശേരി റോഡിൽ അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നത് (Ch. 000 മുതൽ Ch.20/320) കോൺടാക്ട് തുക - 12,68,461 രൂപ.

(സി) ടെണ്ടറില്ലാതെ സർക്കാർ നിർമ്മാണ പ്രവൃത്തികൾ വിവിധ ഏജൻസികൾക്ക് നൽകുന്നതിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഏതെങ്കിലും കേസ്സുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഈ വിഷയത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ?

ടെണ്ടറില്ലാതെ സർക്കാർ നിർമ്മാണ പ്രവൃത്തികൾ വിവിധ ഏജൻസികൾക്ക് നൽകുന്നതിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ്സുകളൊന്നും നിലവിലില്ല.

കിടങ്ങൂർ-കാവാലിപ്പുഴ ലൂക്കപാലം

5 (754) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കിടങ്ങൂർ പഞ്ചായത്തിൽ മീനച്ചിലാറിന് കുറുകെ കിടങ്ങൂർ-കാവാലിപ്പുഴ ലൂക്കപാലത്തിന് 40 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതിന് ആവശ്യമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly